**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 403** — **05-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടം തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ എവിടെ നിന്നെല്ലാം എത്ര രൂപ വീതം കടം എടുത്തിട്ടുണ്ട്; ഓരോന്നും എത്ര ശതമാനം പലിശയ്ക്കാണ് എടുത്തിട്ടുള്ളത്; ഓരോന്നിന്റെയും തിരിച്ചടവ് കാലാവധി എന്ന് പൂർത്തിയാകും; വിശദാംശം വ്യക്തമാക്കാമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ 31.08.2021 വരെയുള്ള താല്ക്കാലിക കണക്ക് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കടമെടുത്ത തുക (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടിയിൽ) 2020-21 ആഭ്യന്തര വായ്പ (തനി) 12,198.03 കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ(തനി)വിദേശ സഹായ പദ്ധതികൾക്കായുള്ള വായ്പകൾ ഉൾപ്പെടെ 126.61 പി.എഫ്, ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ 16525.83 ആകെ 28,850.47 ഓരോ വായ്പയുടെയും പലിശനിരക്ക് അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭിക്കുമ്പോൾ മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. വിദേശ സഹായ വായ്പകൾ ദീർഘകാല വായ്പകളായിട്ടാണ് ലഭ്യമാക്കി വരുന്നത്. ആയതിന് അഞ്ച് വർഷ മൊറട്ടോറിയം ലഭിക്കുന്നുണ്ട്. നബാർഡിൽ നിന്നുള്ള വായ്പകൾക്ക് 7 വർഷം (2 വർഷം മൊറട്ടോറിയം കാലയളവ് ഉൾപ്പെടെ)തിരിച്ചടവ് കാലാവധി ലഭിക്കാറുണ്ട്. NSSF വായ്പകൾ 10 വർഷം കൊണ്ട് തുല്യതവണകളായാണ് മുതൽ തിരിച്ചടക്കേണ്ടത്. പൊതു വിപണിയിൽ നിന്നുള്ള വായ്പകൾക്ക് 10 മുതൽ 35 വർഷം വരെയുള്ള തിരിച്ചടവ് കാലാവധി ലഭിക്കുന്നുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31.08.2021 വരെയുള്ള താല്ക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം 3,31,333.46 കോടി രൂപയാണ്. സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പൊതുകടയിനത്തിൽ മാത്രം 13,021.25 കോടി രൂപയാണ് തിരിച്ചടവിനായി കണക്കാക്കിയിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്തിന്റെ ആകെ കടം എത്രയാണ്; കടം തിരിച്ചടവിന് സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് ആവശ്യമായി വരുന്നത്; തിരിച്ചടവ് ആരംഭിച്ചിട്ടില്ലാത്ത വായ്പകൾ ഏതൊക്കെ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ 31.08.2021 വരെയുള്ള താല്ക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം 3,31,333.46 കോടി രൂപയാണ്. സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം |

| | | | |
|---|---|---|---|
| | ഓരോന്നും തിരിച്ചടവ് ആരംഭിക്കുന്നത് എപ്പോൾ മുതലാണ്; വിശദാംശം ലഭ്യമാക്കുമോ; | | പൊതുകടയിനത്തിൽ മാത്രം 13,021.25 കോടി രൂപയാണ് തിരിച്ചടവിനായി കണക്കാക്കിയിരിക്കുന്നത് |
| (സി) | വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമാക്കിയിട്ടുണ്ട്; ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ; | (സി) | വിവിധ വകുപ്പുകളിലെ നടപ്പ പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും വിദേശ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഈ സർക്കാരിന്റെ കാലത്ത് പ്രധാനമായും രണ്ട് വിദേശ ഏജൻസികളുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. റീ ബിൽഡ് കേരളയ്ക്ക് കീഴിലുള്ള പദ്ധതികൾക്കായി Asian Infrastructure & Investment Bank (AIIB), International Bank for Reconstruction and Development (IBRD)എന്നിവയിൽ നിന്നായി വായ്പയെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ഇ) | പുതിയതായി വിദേശസഹായം സ്വീകരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഇ) | അടുത്ത സാമ്പത്തിക വർഷത്തെയ്ക്കുള്ള ബജറ്റിന്റെ അവതരണത്തോടുകൂടി മാത്രമേ പുതിയ വിദേശ സഹായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

PFMS പോർട്ടലിൽ ലഭ്യമായ വിവരങ്ങളനുസരിച്ച് വിദേശ സഹായത്തോടെ ലഭ്യമായ വായ്പകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വകുപ്പ് | Sanction Order | പദ്ധതി | തുക (കോടിയിൽ) | ഫണ്ടിംഗ് ഏജൻസി |
|---|---|---|---|---|
| PWD | F.No.53(2)/PF-S/2021 -67 dtd 01.06.2021 | Second Kerala State Transport Project II | 221.41 | IBRD |
| Planning & Economic Affairs (RKI) | F.No.53(2)/PF-S/2021 -68 dtd 01.06.2021 | Climate Resilient Reconstruction after Flooding in Kerala Phase II | 5.55 | KfW |
| Planning & Economic Affairs (RKI) | F.No.53(2)/PF-S/2021 -69 dtd 01.06.2021 | Climate Resilient Reconstruction after Flooding in Kerala Phase I | 6.26 | KfW |
| Transport | F.No.53(2)/PF-S/2021 -115 dtd 01.06.2021 | Climate Friendly Urban Mobility integrated Water Transport in Kochi | 5.68 | KfW |
| PWD | F.No.53(2)/PF-S/2021 -184 dtd 16.06.2021 | Second Kerala State Transport Project II | 27.26 | IBRD |
| Water Resources | F.No.53(2)/PF-S/2021 -185 dtd 16.06.2021 | Dam Rehabilitation and Improvement Project(DRIP) | 11.98 | IBRD |
| Water Resources | F.No.53(2)/PF-S/2021 -377 dtd 09.08.2021 | Dam Rehabilitation and Improvement Project(DRIP) | 8.91 | IBRD |
| TOTAL | | | 287.05 | |